ആ സർവെ ഈ 13 ജില്ലകളിലും നടന്നു. നിർഭാഗ്യവശാൽ തിരുവനന്തപുരത്തെ കുറെ സംഘടനകളും ചേർന്ന് ഒരു അസോസിയേഷനുണ്ടാക്കി തിരുവനന്തപുരത്ത് സർവെ നടത്തുന്നതിനെ കോടതിമുഖേന തടഞ്ഞിരിക്കുകയാണ്. ആ സർവെയിൽക്കൂടി യഥാർത്ഥ തറികളുടെ കണക്ക് മനസ്സിലാക്കാം. തറികളും വെരിഫൈ ചെയ്യാത്തതുകൊണ്ട് റിബേറ്റ് ഗ്രാന്റ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. തിരുവനന്തപുരത്ത് 112.ഓളം സംഘങ്ങളുടെ പേരിൽ നടപടി എടുത്തിട്ടുണ്ട്. ഹാൻടെക്സ് തന്നെ ഏകദേശം 34 ബോഗസ് സംഘങ്ങളെ ബ്ലാക്ക്ലിസ്റ്റ് ചെയ്തിട്ടുണ്ട്. അവരുടെ പ്രൊക്യൂർമെന്റ് താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. മിന്നൽ പരിശോധനയിൽ 35 സംഘങ്ങളുടെപേരിൽ നടപടി എടുത്തിട്ടുണ്ട്. ഈ സംഘങ്ങൾക്ക് ഇത് കിട്ടാൻ കുറച്ച് പ്രയാസമുണ്ട് എന്നുള്ളതു ഒരു വസ്തുതയാണ്. ഉടനെതന്നെ സ്റ്റേ വെക്കോറ് ചെയ്തത് അത് കൊടുക്കുന്നതാണ്. ഈ ഗവൺമെന്റ് പലതും ചെയ്തുവെന്ന് ഞാൻ പറഞ്ഞതായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറയുകയുണ്ടായി. സത്യമാണ് സർ. കാരണം 1976.77 മുതൽ 1981.82 വരെയുള്ള ആറുവർഷം 354 ദിവസത്തേക്കുള്ള റിബേറ്റ് 596.87 ലക്ഷം രൂപയും 1982.83 മുതൽ 1985.86 വരെയുള്ള നാലുവർഷങ്ങളിൽ 396 ദിവസത്തേക്കുള്ള റിബേറ്റ് പന്ത്രണ്ടുകോടി മുപ്പത്തിയാറു ലക്ഷം രൂപയും കൊടുത്തു. അതുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളു.

(3) കുടകിൽ മലയാളികളുടെ നേരെയുള്ള ആക്രമണം

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി: സർ, കുടകിൽ മലയാളികളുടെ നേരെ നിഷ്ഠൂരമായ ആക്രമണം നടന്നുകൊണ്ടിരിക്കുകയാണ്. വളരെ ഗുരുതരമായ ഒരവസ്ഥയാണവിടെയുള്ളത്. മലയാളികളെ കണ്ടാൽ തിരഞ്ഞുപിടിച്ചു കൊല്ലുന്നു. അവരുടെ കടകളും മറ്റും ആക്രമിക്കുകയും അവരുടെ വീടുകളും തീ വയ്ക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നു. ബസ്സിലും മറ്റും യാത്രചെയ്യുമ്പോൾ മലയാളികളെ തിരഞ്ഞുപിടിച്ച് ബസ്സിൽ നിന്നുപോലും ഇറക്കികൊല്ലുന്ന സംഭവങ്ങളുണ്ടായിരിക്കുന്നു. ഇതിനെതിരെ നടപടിയെടുക്കേണ്ട പോലീസ് വളരെ പക്ഷപാതപരമായി തദ്ദേശീയരായ പലരുടെയും സ്വാധീനത്തിനു വഴങ്ങിക്കൊണ്ട് ഒരു നടപടിയുമെടുക്കുന്നില്ലെന്നുമാത്രമല്ല മലയാളികളെ ബുദ്ധിമുട്ടിക്കുന്ന വിധത്തിൽ പെരുമാറാൻ ശ്രമിക്കുന്നുവെന്നും പരാതിയുണ്ടായിട്ടുണ്ട്. ഇതുമൂലം അവിടെയുള്ള വളരെയധികം മലയാളികൾക്ക് ധനനഷ്ടമുണ്ടായിട്ടുണ്ട്. വളരെപ്പേർ ഇപ്പോൾ ആശുപത്രിയിലാണ്. ഗുരുതരമായ ഈ സ്ഥിതിയിൽനിന്ന് അവരെ രക്ഷിക്കുന്നതിന് ഗവൺമെന്റ് അടിയന്തിരമായി എന്തെങ്കിലും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): സർ, മൂലനിവാസികൾ എന്നുപറഞ്ഞ ഒരു സംഘമാണ് ഈ സംഘട്ടനത്തിന് നേതൃത്വം നൽകുന്നത്. പൂർവ്വികമായി അവരാണ് അവിടെ താമസിച്ച് വരുന്നത് അല്ലെങ്കിൽ അവരാണതിന്റെ അവകാശികൾ. മറ്റുള്ളവർക്ക് അവിടെ താമസിക്കാൻ അവകാശമില്ലെന്നുള്ള അർത്ഥത്തിലാണ് അവരുടെ പെരുമാറ്റം. കർണ്ണാടകത്തിലെ മറ്റ് പ്രദേശങ്ങളിലുള്ളവരാണെങ്കിൽ പോലും അവിടെ താമസിക്കാൻ അവർ അനുവദിക്കാത്ത ഒരു സ്ഥിതി വിശേഷമാണ്. അവിടെയുള്ള ആളുകളെ ക്രൂരമായി മർദ്ദിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ഒരാൾ കൊല്ലപ്പെടുകയും ചെയ്തിട്ടുണ്ട്, വിശേഷിച്ച് കൂർഗ്, മൽക്കാര എന്നിവിടങ്ങളിലുള്ള കേരളീയരായിട്ടുള്ള ആളുകൾ വളരെ കാലമായി കുടിയേറിപ്പാർത്തുവരുന്നവരാണ്. ഇന്ന് വടക്കേ മലബാറിലും കണ്ണൂരിലെ തലശ്ശേരിയിലുമായിട്ട് അവർക്കു വ്യാപാരബന്ധങ്ങളുണ്ട്. വളരെ സൗഹൃദപരമായി കഴിഞ്ഞിരുന്ന ഒരു സാഹചര്യമായിരുന്നു ഉണ്ടായിരുന്നത്. നിർഭാഗ്യവശാൽ അവിടെ ഇങ്ങനെയൊരു സ്ഥിതിവിശേഷമുണ്ടായ അവസരത്തിൽത്തന്നെ ഞാൻ കർണ്ണാടക മുഖ്യമന്ത്രിയെ മാർച്ചുമാസത്തിൽത്തന്നെ ഇക്കാര്യം അറിയിക്കുകയുണ്ടായി. അതുപോലെതന്നെ വേണ്ട നടപടി സ്വീകരിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിനെയും വിവരം അറിയിച്ചിട്ടുണ്ട്. കർണ്ണാടകമുഖ്യമന്ത്രി ആവശ്യമായ നടപടികളും സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഇവർക്ക് ആവശ്യമായ സംരക്ഷണം കിട്ടുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഇത് അടിയന്തിരമായിത്തന്നെ കേന്ദ്രഗവൺമെന്റിനേയും കർണ്ണാടക മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അടിയന്തിരമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(4) നെൽകൃഷിക്കാർക്ക് നൽകേണ്ട ആനുകൂല്യങ്ങൾ

ഡോ. കെ.സി.ജോസഫ്: സർ, ഈ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അവശത അനുഭവിക്കുന്ന നെൽക്കൃഷിക്കാർക്ക് ഗവൺമെന്റ് കാലാകാലങ്ങളായി പല ആനുകൂല്യങ്ങളും പ്രഖ്യാപിക്കാറുണ്ട്. 10 A.M.] അതിൽ ചിലതെല്ലാം ഇനിയും കൃഷിക്കാരന്റെ കയ്യിൽ എത്തേണ്ടിയിരിക്കുന്നു. പമ്പിംഗ് സബ്സിഡിയിൽ കുറെയധികം തുക കൃഷിക്കാർക്ക് ലഭിക്കാനുണ്ട്. അതുപോലെ തന്നെ വളം സബ്സിഡിയും കുറച്ച് ബാക്കിയുണ്ട്. അത് തുടർന്നും എല്ലാ വർഷവും കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. നെൽക്കൃഷിയിൽ നാശനഷ്ടം സംഭവിക്കുന്നവർക്ക് നൽകുന്ന ആശ്വാസ നടപടികളിൽ പലതും ഇനിയും കൃഷിക്കാർക്ക് എത്തിക്കേണ്ടതായിട്ടുണ്ട്. ഈ കുടിശ്ശികകൾ ഏറ്റവും വേഗം കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനും വളം സബ്സിഡി എല്ലാ വർഷവും തുടർച്ചയായി കാലാകാലങ്ങളിൽ കൊടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ നെൽക്കൃഷിക്കാർക്ക് വളം സബ്സിഡി, പമ്പിംഗ് സബ്സിഡി, പ്രകൃതിക്ഷോഭംമൂലം വിള നശിച്ചവർക്ക് നഷ്ടം ഈ 3 ഇനങ്ങളിലായി സഹായങ്ങൾ നൽകുന്നുണ്ട്. അതിൽ വളം സബ്സിഡിക്ക് ഓരോ വർഷവും ഗവൺമെന്റ് പ്രത്യേകമായി തീരുമാനം എടുത്ത് പരിപാടി നടപ്പാക്കുന്നുണ്ട്. വളം സബ്സിഡിക്കുവേണ്ടി ഇപ്പോൾ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല. ഏകദേശം 66 ലക്ഷം രൂപ ഒരു വർഷം കൊടുക്കേണ്ടിവരും. കഴിഞ്ഞ വർഷത്തെ കുടിശ്ശികയായ 7.6 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്. ഈ കുടിശ്ശിക കൊടുത്തു തീർക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കി കൊടുത്തുതീർക്കേണ്ട തുകയെപ്പറ്റി പൂർണ്ണമായ വിവരങ്ങൾ ശേഖരിച്ചതിനുശേഷം അടിയന്തിരമായി സബ്സിഡി കൊടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. പമ്പിംഗ് സബ്സിഡിക്കുവേണ്ടി ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളത് 165 ലക്ഷം രൂപയാണ്. ഒരു വർഷം ഏകദേശം 218 ലക്ഷം രൂപ പമ്പിംഗ് സബ്സിഡി

LIBRARY ARCHIVES Kerala Legislative Assembly